പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –3295 21.12.2012- ൽ മറുപടിക്ക്

## നോർക്ക വകുപ്പിന് കീഴിലുള്ള സേവനപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക വകുപ്പിന് കീഴിൽ എന്തെല്ലാം സേവന പ്രവർത്തനങ്ങളാണ് നിലവിൽ നടത്തുന്നത് എന്ന് വിശദമാക്കുമോ; | (എ) താഴെക്കാണുന്ന സേവന പ്രവർത്തനങ്ങൾ നോർക്ക വകുപ്പിനു കീഴിൽ നടത്തിവരുന്നു.<br>i. വിദേശത്ത് നിന്ന് മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള സഹായം.<br>ii. വിദേശത്ത് അപകടത്തിലോ രോഗത്തിലോപെട്ടവരെ തിരികെ നാട്ടിലെത്തിക്കുന്നതിന്.<br>iii. വിദേശത്ത് നിന്നുള്ള ജയിൽ മോചനം.<br>iv. വിദേശത്ത് നിയമപ്രശ്നം അനുഭവിക്കുന്നവർക്ക് ആവശ്യമായ ഉപദേശവും എംബസി വഴി നിയമസഹായവും.<br>v. തൊഴിൽ പ്രശ്നങ്ങൾ നേരിടുന്നവർക്ക് ആവശ്യമായ ഉപദേശവും എംബസി വഴി നിയമസഹായവും.<br>vi. വിദേശത്ത് വിവിധ പ്രശ്നങ്ങളിൽപ്പെട്ട ദുരിതമനുഭവിക്കുന്നവരെ തിരികെ എത്തിക്കുന്നതിന്.<br>vii. വിദേശത്ത് നിന്നു ലഭിക്കാനുള്ള ശമ്പള കുടിശ്ശിക, ലഭിക്കാനുള്ള മറ്റു തുകകൾ , മരണാനന്തര സഹായം എന്നിവ ലഭ്യമാക്കുന്നു.<br>viii. അടിയന്തിര സാഹചര്യങ്ങളിൽ എമർജൻസി റിപ്പാട്രിയേഷൻ .<br>ix. പ്രവാസി കേരളീയർ നാട്ടിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹൃതമാക്കുന്നതിന് സഹായം.<br>x. വിസ വെരിഫിക്കേഷൻ .<br>xi. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ .<br>xii. പ്രവാസി തിരിച്ചറിയൽ കാർഡിനോടൊപ്പമുള്ള ഇൻഷുറൻസ്. |

xiii. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം.

xiv. വിസ തട്ടിപ്പിനെതിരെ ബോധവൽക്കരണം.

xv. ജോബ് പോർട്ടൽ .

(ബി) പ്രവാസികൾക്കുള്ള ചികിത്സാ സഹായം, അപകട മരണത്തിനുള്ള ധനസഹായം എന്നിവ വിതരണം നടത്തുന്നുണ്ടോ; പരമാവധി എന്തു തുകയാണ് ഇതിനായി അനുവദിക്കുന്നത്?

(ബി) പ്രവാസികളുടെ ചികിത്സയ്ക്കും മരണാനന്തരസഹായമായും നിബന്ധനകൾക്കനുസൃതമായി ധനസഹായം നൽകുന്നതിനു സാന്ത്വന, നോർക്ക – റൂട്ട്സ് ചെയർമാൻ ഫണ്ട്, എന്നിവ നിലവിലുണ്ട് ഇതിൽ നിന്നുള്ള പരമാവധി ധനസഹായം യഥാക്രമം 20,000, 25,000 എന്ന തുകകളാണ്. പ്രവാസി തിരിച്ചറിയൽ കാർഡിനൊപ്പമുള്ള സൗജന്യ ഇൻഷ്വറൻസ് പ്രകാരം അപകടമരണത്തിന് 2,00,000/---രൂപയും അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനി നിജപ്പെടുത്തുന്ന തുകയും ധനസഹായമായി അനുവദിക്കുന്നുണ്ട്. അപകടം മൂലം പരിക്കേറ്റ കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾ ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായി ഒരു മാസമോ അതിലധികമോ ആശുപത്രിയിൽ കഴിയേണ്ടിവരുന്ന സാഹചര്യത്തിൽ ചികിത്സാധനസഹായം പരമാവധി 50,000/- രൂപ വരെ അനുവദിച്ചുവരുന്നുണ്ട് . കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയനായ(വിദേശം) അംഗത്തിന്റെആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ(വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ(ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത ആംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ